പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 314

02/03/2020 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിലെ ആശ്രിത നിയമനം.

ചോദ്യം

ശ്രീ.കെ.യു.ജനീഷ് കുമാർ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കൺസ്യൂമർഫെഡ് പത്തനംതിട്ട റീജിയണൽ ആഫീസിലെ ജീവനക്കാരനായ എ.ഹരികുമാർ സർവ്വീസിലിരിക്കെ പ്രളയം മൂലം ഉണ്ടായ വെള്ളക്കെട്ടിൽ അകപ്പെട്ട് 2018 ആഗസ്റ്റ് 15 ന് മരണമടഞ്ഞതുമായി ബന്ധപ്പെട്ട് ആശ്രിതനിയമനത്തിനായി ഉചിതമാർഗ്ഗേനയുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ; | എ) | കൺസ്യൂമർഫെഡിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്. |
| ബി) | എങ്കിൽ ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | ബി) | അപേക്ഷ ഫെഡറേഷന്റെ പരിശോധനയിലാണ്. |
| സി) | അനുബന്ധ വിഷയത്തിൽ ഇൻഷ്വറൻസ് ആശ്രിതർക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കുമോ; | സി) | എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറസ് സ്കീമിൽ (ഇ.ഡി.എൻ.ഐ) നിന്നുള്ള തുക ശ്രീ.ഹരികുമാർ.എയുടെ ഭാര്യ ശ്രീമതി.ശ്രീലത.ബി (1,76,111/-രൂപ) മകൾ കുമാരി ഹർഷ.എസ്.ഹരികുമാർ (1,76,138/-രൂപ) എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പ്രത്യേകം ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് കൺസ്യൂമർഫെഡ് അറിയിച്ചിട്ടുണ്ട്. |
| ഡി) | ഈ വിഷയത്തിന്മേൽ ആശ്രിതനിയമനത്തിനും ഇൻഷ്വറൻസ് ലഭ്യതയ്ക്കുമുള്ള വകുപ്പുതല നടപടികൾ ത്വരിതപ്പെടുത്തുമോ? | ഡി) | ആശ്രിത നിയമനത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.